KS&CE, ഓർഡിനൻസിന്റെ അടിസ്ഥാനത്തിൽ ചട്ടം രൂപീകരിക്കാനും നിലവിലെ ചട്ടങ്ങളിൽ മാറ്റം വരുത്തുന്നതിന്റെ ഭാഗമായി ജീവനക്കാർക്ക് വിശ്രമത്തിനും വിശ്രമ വേളകളിൽ ഇരിക്കാനുമുള്ള സൗകര്യംകൂടി തൊഴിലുടമ സജ്ജീകരിക്കണമെന്ന വ്യവസ്ഥയും ക്രെഷ്, ടോയ്‌ലറ്റ് സൗകര്യം സജ്ജീകരിക്കണമെന്ന വ്യവസ്ഥയും ഉൾപ്പെടെയുള്ള ഭേദഗതി സർക്കാരിന്റെ പരിഗണനയിലാണ്. ചട്ടം പ്രാബല്യത്തിൽ വരുന്നതോടുകൂടി തൊഴിലാളികൾക്ക് വിശ്രമവേളകളിൽ ഇരിക്കുന്നതിനുള്ള സാഹചര്യം നൽകുവാൻ തൊഴിലുടമകൾ നിർബന്ധിതരാകും.

(സി) അൺ എയ്ഡഡ് മേഖലയിലെ അദ്ധ്യാപകർ ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട് ആക്ട് - 1947 പ്രകാരം വർക്ക്മെൻ എന്ന നിർവ്വചനത്തിലോ മിനിമം വേജസ് ആക്ട്, 1948 സെക്ഷൻ (2) പ്രകാരം എംപ്ലോയി എന്നതിന്റെ നിർവ്വചനത്തിലോ ഉൾപ്പെട്ടിട്ടില്ല. ആയതിനാൽ ടി ജീവനക്കാരെ 'തൊഴിലാളികളായി' പരിഗണിക്കാൻ കഴിയില്ല. എന്നാൽ അദ്ധ്യാപക ഇതര ജീവനക്കാരുടെ പരാതികളിൽ തൊഴിൽ വകുപ്പ് പരിഹാരം കാണാറുണ്ട്. അനദ്ധ്യാപകർക്ക് നൽകേണ്ടതായ മിനിമം വേതനത്തെ സംബന്ധിച്ച് 12-9-2011-ലെ GO(P) No.155/2011/LBR സർക്കാർ ഉത്തരവിലൂടെ വിജ്ഞാപനം ചെയ്തിട്ടുണ്ട്. ഇതിനുപുറമേ പരാതികൾ ലഭിക്കുന്ന സ്ഥലങ്ങളിൽ തൊഴിൽ വകുപ്പിലെ ഉദ്യോഗസ്ഥർ പരിശോധനകൾ നടത്തുകയും, അനദ്ധ്യാപകരുടെ മിനിമം വേതനം, അവധി, ജോലി സുരക്ഷ മുതലായവ നൽകുന്നതിൽ വീഴ്ച വരുത്തിയതായി കണ്ടെത്തിയിട്ടുള്ള സ്ഥാപന മാനേജ്മെന്റുകൾക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ സംസ്ഥാനത്തെ അൺ എയ്ഡഡ് സ്ഥലങ്ങളിലെ അദ്ധ്യാപകർക്ക് മിനിമം വേതനം നടപ്പിലാക്കുന്നതിനായി 'The Kerala payment of Minimum Wages to Teachers of un-aided Educational Institutions Bill 2014'-ന്റെ കരട് സർക്കാരിന്റെ പരിഗണനയിലാണ്.

## കേരളത്തിലെ അന്യസംസ്ഥാന തൊഴിലാളികൾ

**240 (932)** പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കേരളത്തിൽ ജോലി ചെയ്യുന്ന അന്യസംസ്ഥാന തൊഴിലാളികളുടെ കണക്ക് ശേഖരിച്ചിട്ടുണ്ടോ ; എങ്കിൽ, സംസ്ഥാനം തിരിച്ച് കണക്ക് ലഭ്യമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

സംസ്ഥാന തൊഴിൽ വകുപ്പിനുവേണ്ടി ഗ്രാമത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് & ടാക്സേഷൻ നടത്തിയ പഠനത്തിൽ കേരളത്തിൽ 25 ലക്ഷം അന്യസംസ്ഥാന തൊഴിലാളികൾ പണിയെടുക്കുന്നതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. തൊഴിൽ വകുപ്പിനുകീഴിലുള്ള കേരള നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിൽ കേരള കടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതി പ്രകാരം 49021 (28-2-2015 വരെ) അന്യസംസ്ഥാന തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇവരുടെ സംസ്ഥാനം തിരിച്ചുള്ള ലിസ്റ്റ് ഇതോടൊപ്പം അനുബന്ധമായി ചേർത്തിരിക്കുന്നു.*

**കാസർകോട് ജില്ലാ ക്ഷേമനിധി ഓഫീസുകളിലെ ഒഴിവുകൾ**

**241 (933)** ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിലെ ക്ഷേമനിധി ഓഫീസുകളിൽ എത്ര ഒഴിവുകളുണ്ടെന്ന് ഓഫീസും തസ്തികയും തിരിച്ചുള്ള എണ്ണം വ്യക്തമാക്കാമോ ;

(ബി) ഒഴിവുകൾ നികത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ;

(സി) കാസർഗോഡ് ജില്ലയിലെ ക്ഷേമനിധി ഓഫീസുകളിൽ എത്ര ദിവസ വേതനക്കാരായ തൊഴിലാളികളാണ് ജോലി ചെയ്യുവരുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

1. കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിൽ ഒരു ടൈപ്പിസ്റ്റിന്റെ ഒഴിവുണ്ട്.

2. കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡിൽ അനുത്ര സേവന വ്യവസ്ഥയിൽ ഒരു ജില്ലാ എക്സിക്യൂട്ടീവ് ഓഫീസറുടെയും ഒരു എൽ.ഡി.ടൈപ്പിസ്റ്റിന്റെയും ഒഴിവുകൾ ഉണ്ട്.

3. കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡിൽ 3 ക്ലാർക്ക്, 1 ടൈപ്പിസ്റ്റ്, 1 പ്യൺ-കം-പ്രോസസ് സെർവർ, 1 റിക്കാർഡ് കീപ്പർ എന്നീ ഒഴിവുകൾ ഉണ്ട്.

4. കേരള പീടിക തൊഴിലാളി ക്ഷേമനിധി ബോർഡിൽ 1 ക്ലാർക്ക്, 1 പ്യൺ എന്നീ ഒഴിവുകൾ ഉണ്ട്.

5. കേരള ചുമട്ട തൊഴിലാളി ക്ഷേമനിധി ബോർഡിൽ 6 ക്ലാർക്ക്, 3 പ്യൺ എന്നീ എൻ.ജെ.ഡി. ഒഴിവുകൾ നിലവിലുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly